# KERALA STATE COMMISSION FOR MINORITIES

Aanjaneya, TC-9/1023-2, Sasthamangalam, Thiruvananthapuram-695010
Phone: 0471-2315122, 2318122, 2319122(Fax) email: kscminorities@gmail.com


## വിവാദ പരാമർശങ്ങൾ ഉണ്ടാവാതിരിക്കാൻ പോലിസ് മേധാവികൾ കർശന നിർദേശം നൽകണം-ന്യൂനപക്ഷ കമ്മീഷൻ

**തിരുവനന്തപുരം:** പ്രത്യേക ജില്ലകളെയോ ജനങ്ങളെയോ 'തീവ്രവാദികൾ' പോലുള്ള വിവാദ പരാമർശങ്ങളോ ആക്ഷേപങ്ങളോ പോലിസിന്റെ ഭാഗത്തുനിന്നുണ്ടാവാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നിർദേശം നൽകണമെന്ന് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആവശ്യപ്പെട്ടു. പാലക്കാട് വെച്ചു നടന്ന 54-ാമത് സംസ്ഥാന സ്കൂൾ യുവജനോൽസവത്തോടനുബന്ധിച്ച് മലപ്പുറം ജില്ലയെയും ജില്ലയിലെ വിദ്യാർഥികളെയും 'തീവ്രവാദികൾ' എന്നുവിളിച്ച് ആക്ഷേപിച്ചെന്ന പരാതിയിൽ തീർപ്പുകൽപിച്ചുകൊണ്ടാണ് കമ്മീഷൻ ഉത്തരവു പുറപ്പെടുവിച്ചത്. പ്രസ്തുത കേസിൽ എതിർകക്ഷിയായ ഡി.വൈ.എസ്.പി കമ്മീഷൻ മുമ്പാകെ ഖേദം പ്രകടിപ്പിക്കുകയും ഇങ്ങിനെയുള്ള പരാമർശങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നു കമ്മീഷൻ താക്കീതു നൽകുകയും ചെയ്തു. മേൽപറഞ്ഞ രീതിയിലുള്ള കേസുകൾ കമ്മിഷന്റെ ശ്രദ്ധയിൽ വന്നതിനാൽ കേരള പോലിസ് മേധാവിയായ ഡി.ജി.പിക്കും ഹോം ഡിപ്പാർട്ട്മെന്റിനും, ഇത്തരം പരാമർശങ്ങൾ മേലിൽ ഉണ്ടാവാതിരിക്കാനുള്ള കർശന നിർദേശം ഉദ്യോഗസ്ഥർക്കു നൽകാൻ കമ്മീഷൻ ആവശ്യപ്പെട്ടു.

തിയതി: 18-11-2014

അഡ്വ. എം.വീരാൻകുട്ടി

ചെയർമാൻ